## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1802** **15-03-2022 - ൽ മറുപടിയ്ക്ക്**

## കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ പ്രശ്നങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സ്റ്റേറ്റ് സർവ്വീസിലെ പെൻഷൻകാർക്ക് ഏർപ്പെടുത്തിയിട്ടുള്ള മെഡിസെപ് പദ്ധതി കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്കും നടപ്പിലാക്കുമോ; | (എ) | നിലവിൽ കെ.എസ്.ആർ.റ്റി.സി.യിൽ മെഡി സെപ് പദ്ധതി നടപ്പിലാക്കിയിട്ടില്ല. മെഡി സെപ് പദ്ധതി കെ.എസ്.ആർ.റ്റി.സി.യിലെ ജീവനക്കാർക്ക് ബാധകമാക്കുന്ന അവസരത്തിൽ പെൻഷൻകാർക്കും ബാധകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചിട്ടും പെൻഷൻ പരിഷ്കരിച്ചിട്ടില്ലാത്തതും ജീവനക്കാർക്കും പെൻഷൻകാർക്കും നൽകുന്ന ഡി.എ. യിലെ വ്യത്യാസവും 2019 മുതൽ പെൻഷൻകാർക്ക് ഫെസ്റ്റിവൽ അലവൻസ് ലഭിച്ചിട്ടില്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | ഉണ്ട്. കെ.എസ്.ആർ.റ്റി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധിയാണ് നിലവിൽ നേരിടുന്നത്. ജീവനക്കാരുടെ ശമ്പളം, പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ സർക്കാർ ധനസഹായത്തോടുകൂടിയാണ് ഓരോമാസവും നൽകിവരുന്നത്. ജീവനക്കാർക്ക് അർഹതപ്പെട്ട നിരവധി ആനുകൂല്യങ്ങൾ നൽകുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി കാരണം കഴിയുന്നില്ല. ഈ കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും സർക്കാർ സഹായ ത്തോടുകൂടിയാണ് 01-1-2022 മുതൽ പുതുക്കിയ ശമ്പളം വിതരണം ചെയ്തുവരുന്നത്. കെ.എസ്.ആർ.റ്റി.സി.യിലെ പെൻഷൻ പൂർണ്ണമായും ധനകാര്യവകുപ്പും, സഹകരണ വകുപ്പും സംയുക്തമായാണ് വിതരണം ചെയ്തു വരുന്നത്. പ്രസ്തുത സാഹചര്യത്തിൽ ധനകാര്യ വകുപ്പുമായി കൂടിയാലോചന നടത്തി പെൻഷൻ പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ പരിശോധിച്ച് അംഗീകൃത തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് കരാറിന്റെ ഭാഗമാക്കുന്നതാണ്. കടുത്ത സാമ്പത്തിക ബാധ്യത നേരിടുന്ന കെ.എസ്.ആർ.റ്റി.സി.യിൽ പെൻഷൻ കാർക്ക് കൂടി ഫെസ്റ്റിവൽ അലവൻസ് അനുവദിച്ചാൽ അധിക സാമ്പത്തിക ബാധ്യത കോർപ്പറേഷൻ നേരിടേണ്ടതായി വരും. സർക്കാർ ധനസഹായത്തോടുകൂടി ശമ്പളവും പെൻഷനും നൽകിവരുന്ന സ്ഥാപനത്തിൽ നിലവിലെ |

| | | | |
|---|---|---|---|
| | | | സാമ്പത്തികാവസ്ഥ മെച്ചപ്പെടുന്ന മുറയ്ക്ക് പെൻഷൻകാർക്ക് ഫെസ്റ്റിവൽ അലവൻസ് നൽകുന്നകാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ